**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

<u>തൃശ്ശൂർപൂരം അലങ്കോലപ്പെട്ടത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: സർ, തൃശ്ശൂർപൂരം അലങ്കോലപ്പെട്ട സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കേണ്ട സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്):</u> സർ, സഭാ സമ്മേളനത്തിന്റെ ആദ്യത്തെ ദിവസം പ്രതിപക്ഷം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് ഒരു നോട്ടീസ് നൽകിയിരുന്നു. സർക്കാരഅന്നുതന്നെ അടിയന്തരമായി ചർച്ചചെയ്യാൻ തയ്യാറാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിക്കുകയും ചെയ്തു. തുടർന്നുണ്ടായ

സംഭവവികാസങ്ങൾ എല്ലാവർക്കും അറിയാവുന്നതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ....ബഹളം....ബഹളം...

മി. സ്പീക്കർ: യെസ്... യെസ്.... അങ്ങ് പറയൂ..... അങ്ങ് പറയൂ...... ബഹുമാനപ്പെട്ട മിനിസ്റ്റർ ഗവൺമെന്റിന്റെ സ്റ്റാൻഡ് പറയൂ, denial ആണോ, accept ചെയ്യുന്നുണ്ടോ? .......ബഹളം....ബഹളം....

ശ്രീ. എം. ബി. രാജേഷ്: സർ, ഗവൺമെന്റിന്റെ നിലപാട് പറയട്ടെ, നിങ്ങൾക്കിഷ്ടപ്പെടുന്ന കാര്യങ്ങൾ പറയാൻ കഴിയില്ല. ഗവൺമെന്റിന്റെ നിലപാടാണ് പറയുന്നത്. അത് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾക്ക് ഇഷ്ടപ്പെടുന്ന കാര്യമാവണമെന്നില്ല; ഗവൺമെന്റിന്റെ നിലപാടാണ് പറയുന്നത്. ഗവൺമെന്റിന്റെ നിലപാട് പറയേണ്ട ആളെന്ന നിലയിൽ അതാണ് പറയുന്നത്. എന്തിനാണ് അസഹിഷ്ണുത? നിങ്ങൾക്കാവശ്യമുള്ളതല്ല; ഞങ്ങൾക്കും നാടിനുമാവശ്യമുള്ള കാര്യമാണ് പറയുന്നത്. അന്ന് സംഭവിച്ചതെന്താണെന്ന് എല്ലാവർക്കുമറിയാം. എന്നിട്ടും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് സ്വയം നോട്ടീസ് നൽകി സ്വയം പ്രതിഷേധമുണ്ടാക്കി സഭനടത്താൻ കഴിയാത്ത സാഹചര്യമുണ്ടാക്കി. അടുത്ത

ദിവസം വീണ്ടും നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് അവതരിപ്പിച്ചു. കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി ഉന്നയിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ പറഞ്ഞ കാര്യങ്ങൾ എന്തെല്ലാമാണോ, അതുതന്നെയാണ് ഒരു നോട്ടീസായിട്ട് വീണ്ടും ഉയർത്തിക്കൊണ്ടുവരുന്നത്. ഇതിന്റെ ഉദ്ദേശ്യം വളരെ വ്യക്തമാണ്. (ബഹളം......ബഹളം......)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്...... ശ്രീ. എം. നൗഷാദ് ഇരിക്കൂ..... പാർലമെന്ററി മിനിസ്റ്റർ പറയട്ടെ.

ശ്രീ. എം. ബി. രാജേഷ്: സർ, നിങ്ങൾക്ക് സന്തോഷമുള്ള കാര്യമാവണമെന്നില്ല; പക്ഷെ, സർക്കാരിന്റെ പ്രതിനിധിയെന്ന നിലയ്ക്ക് പറയാനുള്ള അവകാശം എനിക്കില്ലേ; ക്ഷമയോടെ കേൾക്കൂ, ഇത്രയും അസഹിഷ്ണുത കാണിക്കരുത്. ഇതിന്റെ ഉദ്ദേശ്യം വളരെ വ്യക്തമാണ്. ഉദ്ദേശ്യം രാഷ്ട്രീയമായുള്ള പുകമറ പൊതുമണ്ഡലത്തിൽ നിലനിർത്തുക എന്നതാണ്. പുറത്ത് മാധ്യമ പിന്തുണയോടെ നടത്തിക്കൊണ്ടിരിക്കുന്ന തെറ്റായ പ്രചാരണങ്ങളെ സഭയ്ക്കകത്ത് ഉയർത്തിക്കൊണ്ടുവരുക, അതിന് സഭയെ ദുരുപയോഗിക്കുകയെന്നതാണ് ലക്ഷ്യമാക്കുന്നത്. ഇപ്പോൾ സമഗ്രമായി

അന്വേഷണം നടക്കുന്ന വിഷയമാണ്. സാധാരണഗതിയിൽ, പ്രഥമദൃഷ്ടിയാൽതന്നെ തള്ളിക്കളയേണ്ട ഒരു നോട്ടീസാണിത്. പക്ഷേ, ഇവർക്ക് രാഷ്ട്രീയമായ ഗൂഢോദ്ദേശ്യമുള്ളതുകൊണ്ടും പുകമറ സൃഷ്ടിക്കുകയെന്നുള്ളതുകൊണ്ടും അതു തുറന്നു കാണിക്കാൻ ഇന്നും ഈ നോട്ടീസ് ചർച്ചചെയ്യാൻ സർക്കാർ തയ്യാറാണെന്ന് അറിയിക്കുകയാണ്.

09-10-2024 ആർ.ജെ-എൽ.ഡി(1) 10.00-10.10 ബി.സി.

<u>മി. സ്പീക്കർ</u>: ഇന്നത്തെ റൂൾ 50 നോട്ടീസിൽ പരാമർശിക്കുന്ന വിഷയത്തെ സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയെ അറിയിച്ച പശ്ചാത്തലത്തിൽ ഈ സഭ ഇന്ന് ഉച്ചയ്ക്ക് 12.00 മണിക്ക് പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതാണ്. രണ്ട് മണിക്കൂർ സമയമാണ് ചർച്ചയ്ക്ക് നീക്കിവച്ചിട്ടുള്ളത്. സമയകൃത്യത പാലിക്കണമെന്ന് എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുകയാണ്.